## പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.4318

28.06.2012 ൽ മറുപടിക്ക്

## "കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് ത്രൂ പോളിടെക്നിക്ക്" എന്ന പദ്ധതി

| ചോദ്യം<br>ശ്രീ. എം. ഹംസ | | മറുപടി<br>ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പമന്ത്രി) |
|---|---|---|
| എ) | "കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് ത്രൂ പോളിടെക്നിക്ക്" എന്ന പദ്ധതി മുഖേന എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ; | എ) കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് ത്രൂ പോളിടെക്നിക് പ്രകാരം സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമുള്ള വൈദഗ്ദ്ധ്യവും വിവരവും ഉണ്ടാക്കുന്ന കോഴ്സുകളിൽ സൌജന്യ പരിശീലനം നൽകുന്നു. ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വൈദഗ്ദ്ധ്യം ലഭ്യമാക്കുന്നു. തൊഴിലാളികൾക്ക് അവരുടെ മേഖലകളിൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്ന രീതിയിലുള്ള സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാമുകൾ നൽകുന്നു. സ്ത്രീകൾ, പട്ടികജാതി/ പട്ടികവർഗ്ഗക്കാർ മറ്റു പിന്നോക്ക വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ, സ്കൂളുകളിൽ നിന്നും കൊഴിഞ്ഞുപോകുന്നവർ, വികലാംഗർ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ എന്നിവർക്കായി പ്രത്യേക സ്കിൽ ട്രെയിനിംഗ് പ്രോഗ്രാമുകളെ കണ്ടെത്തി നടപ്പിലാക്കുന്നു. |
| ബി) | പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി എന്തു തുകയാണ് കേന്ദ്രസഹായമായി സർക്കാർ ആവശ്യപ്പെട്ടുന്നത്; വിശദാംശം ലഭ്യമാക്കാമോ; | (ബി) യും (സി) യും<br><br>NITTTR, ആക്ഷൻ പ്ലാൻ അംഗീകരിച്ചു നൽകുകയും അതനുസരിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്യുന്ന പ്രൊപ്പോസൽ പ്രകാരമാണ് കേന്ദ്രം ധനസഹായം അനുവദിച്ചിരുന്നത്. 2011-12 വർഷത്തിനുമുമ്പ് നിലനിന്നിരുന്ന മാർഗ്ഗനിർദ്ദേശം അനുസരിച്ച് അതാത് പോളിടെക്നിക് പ്രിൻസിപ്പൽമാർ നേരിട്ടാണ് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നത്. 2011-12 മുതൽ സംസ്ഥാന സർക്കാരിന് നേരിട്ട് ഗ്രാന്റ് ലഭ്യമാക്കുന്ന രീതി നിലവിൽ വന്നു. പ്രസ്തുത സാമ്പത്തിക വർഷത്തിൽ 419 ലക്ഷം രൂപയുടെ ധനസഹായം ലഭിച്ചിട്ടുണ്ട്. |
| സി) | കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി; വ്യക്തമാക്കാമോ ? | |

സെക്ഷൻ ഓഫീസർ